## പതിനാലാം കേരള നിയമസഭ
## പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 5195 — 26.03.2018-ൽ മറുപടിക്ക്

### ഓടങ്കല്ല് പാലത്തിന് ഭരണാനുമതി

| ചോദ്യം<br>ശ്രീ. എൻ.എ. നെല്ലിക്കുന്ന് | മറുപടി<br>ശ്രീ. ജി. സുധാകരൻ<br>(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
|---|---|
| (എ) കാസർഗോഡ് നിയോജകമണ്ഡലത്തിലെ ഓടങ്കല്ല് പാലത്തിന് ഭരണാനുമതി ലഭിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ; | (എ) ഭരണാനുമതി നൽകിയിട്ടുണ്ട്. |
| (ബി) എങ്കിൽ എപ്പോഴാണ് ഭരണാനുമതി ലഭിച്ചതെന്നും തുക എത്രയാണെന്നും വ്യക്തമാക്കാമോ; | (ബി) 31/10/2016-ലെ സ.ഉ(സാധാ)നം.1496/ 2016/പൊ.മ.വ നമ്പർ ഉത്തരവ് പ്രകാരം ഓടങ്കല്ല് പാലത്തിന് കിഫ്ബിയിൽ ഉൾപ്പെടുത്തി 10 കോടി രൂപയ്ക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. |
| (സി) ഇല്ലെങ്കിൽ ഇതിന്റെ എസ്റ്റിമേറ്റ് തയ്യാറായിട്ടുണ്ടോ എന്നും ഭരണാനുമതി എപ്പോൾ ലഭ്യമാകുമെന്നും വ്യക്തമാക്കാമോ; | (സി) ഈ പ്രവൃത്തിയുടെ ഡി.പി.ആർ തയ്യാറാക്കി വരുന്നു. ചീഫ് എഞ്ചിനീയർ ഓഫീസിലെ പി.പി.യു ആണ് ഈ പ്രവൃത്തിയുടെ ഡി.പി.ആർ തയ്യാറാക്കുന്നത്. ഡി.പി.ആർ സൂക്ഷ്മ പരിശോധനയ്ക്ക് ശേഷം കിഫ്ബിയിൽ നിന്നും അനുമതിയ്ക്കായി കൈമാറുന്നതാണ്. |
| (ഡി) എസ്റ്റിമേറ്റ് തയ്യാറായിട്ടില്ലെങ്കിൽ കാലവിളംബത്തിനുള്ള കാരണമെന്താണെന്ന് വ്യക്തമാക്കാമോ; | (ഡി) പാലത്തിന്റെ ഡി.പി.ആർ തയ്യാറാക്കുമ്പോൾ സോയിൽ ഇൻവെസ്റ്റിഗേഷൻ, ഡിസൈൻ എന്നിവ കഴിഞ്ഞു മാത്രമേ ഡി.പി.ആർ തയ്യാറാക്കാൻ സാധിക്കുകയുള്ളൂ. ഇത് കാരണമാണ് താമസം നേരിട്ടത്. |
| (ഇ) ഈ പാലം കിഫ്ബിയിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ എന്നും ഏത് വർഷത്തെ ബജറ്റ് പ്രസംഗത്തിലാണ് ഇതുസംബന്ധിച്ച പ്രഖ്യാപനം ഉണ്ടായതെന്നും വ്യക്തമാക്കാമോ; | (ഇ) കിഫ്ബിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. 2016-2017-ലെ ബഡ്ജറ്റ് പ്രസംഗത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| (എഫ്) | കിഫ്ബിയിൽ ഉൾപ്പെടുത്തി നേരത്തെ പ്രഖ്യാപിച്ചതാണെങ്കിൽ ഈ പാലം എപ്പോൾ യാഥാർത്ഥ്യമാകുമെന്ന് വ്യക്തമാക്കാമോ? | (എഫ്) | കിഫ്ബിയിൽ നിന്നും അനുമതി ലഭിക്കുന്ന മുറയ്ക്ക് സാങ്കേതികാനുമതി, ടെണ്ടർ തുടങ്ങിയ നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ